**പതിമൂന്നാം കേരള നിയമസഭ എട്ടാം സമ്മേളനം**
**നക്ഷത്രചിഹ്നിടാത്ത ചോദ്യം നമ്പർ-576**
**19/03/2013 ലെ മറുപടിക്ക്**
**നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്**

**ചോദ്യം**
**ശ്രീ.വി.ശശി**

**ഉത്തരം**
**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി)

| | | |
|---|---|---|
| (എ) | കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിക്കപ്പെട്ട നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രൊപ്പോസലുകൾ ഭരണാനുമതി ലഭിക്കുന്നതിനായി ഭരണവകുപ്പിൽ നിന്നും ധനകാര്യ വകുപ്പിൽ എത്തുമ്പോൾ വളരെ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ചില നിർദ്ദേശങ്ങൾ വിശദമായ എസ്റ്റിമേറ്റ് സഹിതം ഭരണവകുപ്പിൽനിന്ന് ധനകാര്യവകുപ്പിൽ എത്തുന്നതിൽ കാലതാമസമുണ്ടാകുന്നു എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ കാലതാമസം ഒഴിവാക്കാൻ മതിയായ ഉദ്യോഗസ്ഥരെ നിയമിക്കുമോ? | ധനകാര്യവകുപ്പിൽ ഇതിനായി ഒരു പ്രത്യേക സെക്ഷൻ രൂപീകരിക്കുകയും ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട് |
| (സി) | ധനകാര്യ വകുപ്പിൽ എത്തുന്ന ഇത്തരം ഫയലുകളിൽ പരമാവധി എത്ര ദിവസം കൊണ്ട് തീരുമാനം എടുക്കപ്പെടുന്നുവെന്ന് വ്യക്തമാക്കുമോ? | LAC-ADF ൻെറ മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം പാലിച്ച് അംഗീകാരത്തിനായി ധനവകുപ്പിൽ എത്തുന്ന ഭൂരിപക്ഷം ഫയലുകളിലും പരമാവധി 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാറുണ്ട്. |
| (ഡി) | ഇതിനകം ധനകാര്യ വകുപ്പിലെത്തിയ എല്ലാ പ്രൊപ്പോസലുകൾക്കും അംഗീകാരം നൽകുമെന്ന് ഉറപ്പു വരുത്തുമോ? | നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൻെറ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലഭിക്കുന്ന എല്ലാ പ്രൊപ്പോസലുകൾക്കും താമസം വിനാ അംഗീകാരം നൽകുന്ന കാര്യം ഉറപ്പു വരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**